മലയാള മനോരമ
ESTABLISHED 1888

25 September 2017



തീരനൈപുണ്യ പരിശീലന പദ്ധതിയുടെ മൂന്നാം ബാച്ചിൽ പരിശീലനം പൂർത്തിയാക്കിയവർ

# തീരത്തു പരിശീലനത്തിന്റെ വലയെറിഞ്ഞ് സിഎംഎഫ്ആർഐ

**ടി.ബി.ലാൽ**

എല്ലാവർക്കും രേഖയാവാൻ കഴിയില്ലല്ലോ. രേഖയെപ്പോലെ തൊഴിലെടുക്കാനുള്ള സാഹചര്യവും സൗകര്യവും ഉണ്ടാകണമെന്നുമില്ല. ആരാണു രേഖ എന്നല്ലേ? രാജ്യത്തു കടലിൽ മീൻ പിടിക്കാൻ പോകുന്ന ആദ്യത്തെ വനിത. തൃശൂരിലെ ചേറ്റുവ സ്വദേശിയും മൽസ്യത്തൊഴിലാളിയുമായ കാർത്തികേയന്റെ ഭാര്യ.

കാർത്തികേയന്റെ കുടുംബം പോലെയല്ല ഭൂരിഭാഗം മൽസ്യത്തൊഴിലാളികളുടെയും വീടുകളിലെ വനിതകളുടെ അവസ്ഥ. പലരും തൊഴിലും വരുമാനവുമില്ലാതെ ജീവിതം തള്ളിനീക്കുന്നു. ഈ അവസ്ഥ തിരിച്ചറിഞ്ഞാണ് മൽസ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) സഹകരണത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ (സിഎംഎഫ്ആർഐ) 'തീരനൈപുണ്യ' എന്ന പേരിൽ പുതിയൊരു പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ മേഖലകൾ കണ്ടെത്താനും സ്വയം സംരംഭങ്ങൾ തുടങ്ങാനും വനിതകളെ പരിശീലിപ്പിക്കുകയാണു പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം ഉന്നത വിദ്യാഭ്യാസം നേടുന്നതിനും കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും സഹായം നൽകുന്നു. സംരംഭകത്വം, വ്യക്തിത്വ വികസനം, നേതൃ പാടവം, ആശയവിനിമയം, മത്സര പരീക്ഷാ പരിജ്ഞാനം എന്നിവയിലും പരിശീലനം നൽകുന്നു.

മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കു മാത്രമാണു പ്രവേശനം. രണ്ടു മാസത്തെ സ്റ്റൈപ്പന്റും ലഭിക്കും. ആദ്യത്തെ ഒരുമാസം ക്ലാസ് റൂം പരിശീലനവും അടുത്ത ഒരു മാസം അനുബന്ധ തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനവും നടക്കും.

ഇതുവരെ മൂന്നു ബാച്ചുകളാണു തീരനൈപുണ്യ പദ്ധതിയുടെ കീഴിൽ സിഎംഎഫ്ആർഐയിൽനിന്നു പരിശീലനം പൂർത്തിയാക്കി പുറത്തുവന്നത്. ജൂലൈ മുതൽ സെപ്റ്റംബർ വരെ നടന്ന മൂന്നാം ഘട്ടത്തിൽ 35 പേർ സിഎംഎഫ്ആർഐയിൽനിന്നു പരിശീലനം പൂർത്തിയാക്കി. ക്ലാസ് റൂം പരിശീലനത്തിനുശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആശുപത്രി, ബിസിനസ് സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇവർക്കു പരിശീലനം ലഭിച്ചു.

സ്ത്രീകളിൽ ആത്മവിശ്വാസം വർധിപ്പിക്കാനും തൊഴിൽ മേഖലകൾ കണ്ടെത്താനും പരിശീലനം സഹായിക്കുന്നതായി തീരനൈപുണ്യ മൂന്നാം ബാച്ചിലെ ടി.എം.നിബിഷ പറഞ്ഞു.

മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് സിഎംഎഫ്ആർഐ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്നു ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. പരിശീലനം പൂർത്തിയാക്കിയതിനുശേഷവും തുടർപ്രവർത്തനങ്ങളിലും തൊഴിലന്വേഷണങ്ങളിലും സിഎംഎഫ്ആർഐ സഹായം നൽകുന്നുണ്ട്. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമാണു പദ്ധതിക്കു നേതൃത്വം നൽകുന്നത്.

പ്ലസ്ടുവിനും അതിന് മുകളിലും വിദ്യാഭ്യാസ യോഗത്യതയുള്ളവരെയാണ് പദ്ധതിയിലേക്കു തിരഞ്ഞെടുക്കുക. നാലാമത്തെ ബാച്ചിനുള്ള പരിശീലനം ജനുവരിയിൽ ആരംഭിക്കും. ഫോൺ- 9526091526